# ആഡം സ്മിത്തും മനുസ്മൃതിയും

**Siyar Manuraj**
Associate Professor of Economics
K.K.T.M. Government College
Kodungallur, Kerala 680663
Email: simanuraj@gmail.com

**Dr. Babu C.C**
Deputy Director of Thrissur,
Collegiate Education (retd).
V.R. Puram, Chalakkudi
Email: drbabucc@gmail.com
&
**Dr. Zabeena Hameed P.**
Associate Professor of Economics
University of Calicut
Dr. John Mathai Centre
Aranattukara – Thrissur
Email: zabeenahp@gmail.com

സംഗ്രഹം

മുതലാളിത്തത്തിന്റെ വളർച്ചയുടെ ആദ്യകാലത്ത് ജീവിച്ചിരുന്ന ആഡം സ്മിത്ത് തൊഴിൽവിഭജനത്തിലൂടെയും അതിലൂടെയുള്ള കമ്പോള വികാസത്തിലൂടെയും രാജ്യങ്ങളുടെ സമ്പത്തും വ്യക്തികളുടെ ക്ഷേമവും വർദ്ധിക്കും എന്ന് തെളിയിക്കാനാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ "രാജ്യങ്ങളുടെ സമ്പത്ത്" എന്ന പുസ്തകം എഴുതിയത്. മുതലാളിത്ത വ്യവസ്ഥയുടെ വളർച്ചയുടെ അടിത്തറയായി ആഡം സ്മിത്ത് പ്രതിഷ്ഠിച്ചത് തൊഴിൽ വിഭജനത്തെ ആയിരുന്നു. മുതലാളിത്തത്തെ വ്യക്തിയുടെ സാമ്പത്തിക ശേഷികളുടെ വികാസത്തിന്റെ പാരമ്യതയിൽ എത്താനുള്ള സുനിശ്ചിതമായ മാർഗ്ഗം എന്ന നിലയിലാണ് സ്മിത്ത് വിഭാവനം ചെയ്തത്. ആ നിലയ്ക്ക് മുതലാളിത്ത വികാസത്തിന്റെ ചാലകശക്തിയായ തൊഴിൽ വിഭജനത്തെ വ്യക്തി സ്വാതന്ത്ര്യത്തെ ഉറപ്പുവരുത്തുന്ന ഒന്നായാണ് ആഡം സ്മിത്ത് വിശേഷിപ്പിച്ചത്. ഒരു വ്യക്തി എന്ന നിലയിലും ക്രയശേഷിയുള്ള അധ്വാനത്തിന്റെ ഉടമ എന്ന നിലയിലും ഒരാളുടെ "സാമ്പത്തിക തിരഞ്ഞെടുപ്പ്

കൾക്ക്" സ്വതന്ത്ര ചലനാത്മകത ഉള്ള ഒരു ഇടമായാണ് ആഡം സ്മിത്ത് മുതലാളിത്ത കമ്പോളത്തെ വിശദീകരിക്കുന്നത്. ഇന്ത്യൻ ജാതിവ്യവസ്ഥയുടെ അടിത്തറയായി പ്രവർത്തിക്കുന്നതും തൊഴിൽ വിഭജനം തന്നെയാണ്. എന്നാൽ തൊഴിൽ വിഭജനം തന്നെ തൊഴിലാളിയുടെ സ്വതന്ത്ര തിരഞ്ഞെടുപ്പുകളെ, സാമ്പത്തികം മാത്രമല്ല സാമൂഹ്യവും സാംസ്കാരികവും ആയ തിരഞ്ഞെടുപ്പുകളെ, സമ്പൂർണ്ണമായി റദ്ദ് ചെയ്തുകൊണ്ടാണ് ജാതിവ്യവസ്ഥയ്ക്ക് അകത്ത് പ്രവർത്തിക്കുന്നത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും ജാതിവ്യവസ്ഥയ്ക്ക് അകത്തെ തൊഴിൽ വിഭജനവും സാമൂഹ്യ-സാമ്പത്തിക ചലനാത്മകതയെ ഉറപ്പുവരുത്തുന്ന കാര്യത്തിൽ രണ്ടു ധ്രുവങ്ങളിൽ ആണ് കിടക്കുന്നത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും ഇന്ത്യൻ ജാതിവ്യവസ്ഥയ്ക്ക് അകത്തുള്ള തൊഴിൽ വിഭജനവും തമ്മിലുള്ള താരതമ്യപഠനം ആണ് ഈ ലേഖനത്തിന്റെ കാതൽ.

**താക്കോൽവാക്കുകൾ:** മുതലാളിത്തം, ജാതിവ്യവസ്ഥ, തൊഴിൽ വിഭജനം, ശ്രേണീകൃത അസമത്തം, സംസ്കൃതവൽക്കരണം.

**ആമുഖം**

സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ആഡം സ്മിത്ത് ജീവിച്ചത് വ്യാവസായിക മുതലാളിത്തം ലോക സമ്പദ്‌വ്യവസ്ഥയിൽ പിച്ചവെച്ച് നടന്നുതുടങ്ങിയ കാലത്തായിരുന്നു. മുതലാളിത്തം ഭാവിയിൽ ആർജ്ജിച്ച സാങ്കേതിക വികാസമോ, ഉൽപ്പാദന വിപ്ലവമോ അദ്ദേഹം കാണുകയുണ്ടായില്ല. എന്നാലും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ വികാസത്തെ തന്റെ ജന്മദേശമായ കൊക്കോൾഡിയിലെ തുറമുഖത്ത് വന്നുപോയിരുന്ന കപ്പലുകളെ നിരീക്ഷിച്ചതിൽ നിന്നും സ്മിത്ത് തിരിച്ചറിഞ്ഞിരുന്നു. ആ തിരിച്ചറിവിന്റെ ബൗദ്ധിക പ്രതിഫലനമാണ് നമ്മൾ "Wealth of Nations" എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ കാണുന്നത്. ആഡം സ്മിത്ത് അദ്ദേഹത്തിന്റെ "രാജ്യങ്ങളുടെ സമ്പത്ത്" എന്ന പുസ്തകത്തിന്റെ ആരംഭത്തിൽ തന്നെ ഒരു സമൂഹത്തിന്റെ ജീവിതനിലവാരത്തെ നിർണ്ണയിക്കുന്നത് ആ സമൂഹം ആർജ്ജിച്ചിട്ടുള്ള മനുഷ്യാധ്വാനത്തിന്റെ ഗുണനിലവാരവും ആ അധ്വാനം എങ്ങനെയൊക്കെയാണ് ഉൽപ്പാദനക്ഷമമായ രീതിയിൽ ഉപയോഗിക്കപ്പെടുന്നത്, അങ്ങനെ ഉണ്ടാക്കുന്ന വസ്തുക്കളേയും അവ കൊടുത്ത് പകരം വാങ്ങുന്ന വസ്തുക്കളേയും ആശ്രയിച്ചാണ് എന്നുറപ്പിച്ചു പറയുന്നു (സ്മിത്ത്, 1981)[1]. മനുഷ്യധ്വാനത്താൽ ഒരു രാജ്യത്തിനകത്ത് ഉണ്ടാക്കപ്പെടുന്ന വസ്തുക്കളും, അവ കൈമാറ്റം ചെയ്ത് മറ്റു രാജ്യങ്ങളിൽ നിന്നും സമ്പാദിക്കാൻ കഴിയുന്ന വസ്തുക്കളും ചേരുമ്പോഴാണ് രാജ്യത്തിന്റെ ദേശീയവരുമാനം നിർണ്ണയിക്കപ്പെടുന്നത് എന്നാണ് സ്മിത്ത് സമർഥിച്ചത്. അടഞ്ഞ ഒരു സമ്പദ്‌വ്യവസ്ഥയെ അല്ല ആഡം സ്മിത്ത് തന്റെ പുസ്തകത്തിൽ വിഭാവനം ചെയ്തത്, മറിച്ച് ലോകം മുഴുവനുമുള്ള രാജ്യങ്ങൾ പരസ്പരം സാമ്പത്തിക വിനിമയത്തിൽ ഏർപ്പെടുന്ന ചലനാത്മകമായ ഒരു സാമ്പത്തിക ലോകത്തെയാണ്. തോക്കിൻകുഴലിലൂടെയുള്ള സാമ്രാജ്യത്വം ആയിരുന്നില്ല സ്മിത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. ഒരു സമൂഹത്തിന്റെ സമ്പത്ത് നിശ്ചയിക്കുന്നത് ആ സമൂഹത്തിലെ തൊഴിലാളികളുടെ അധ്വാനവും അവരുടെ വൈദഗ്ദ്യവും ആണെന്ന് ആഡം സ്മിത്ത് പറയുമ്പോൾ അദ്ദേഹം ആശയതലത്തിൽ കാറൽ മാർക്സിന്റെ ഭാവി വരവറിയിക്കുകയായിരുന്നു. "തൊഴിലാളിയുടെ അധ്വാനമാണ് ലോകത്തേയും ചരിത്രത്തേ

യും നിർമ്മിക്കുന്നത്" (എംഗൽസ്, 1902)[2] എന്ന മാർക്സിയൻ ചിന്തയുടെ തന്നെ ആദ്യകാല സൂചനകൾ ആണ് ആഡം സ്മിത്തിന്റെ പുസ്തകത്തിലും പ്രതിഫലിക്കുന്നത്. സ്വന്തം അധ്വാനം കൊണ്ട് മാത്രം അതിജീവനം സാധ്യമല്ലാതിരുന്ന വേട്ടയാടൽ - പെറുക്കിതീനി മനുഷ്യരുടെ കാലത്തിൽ നിന്നും മനുഷ്യസമുദായം വളർന്നത് സ്വന്തം അധ്വാനശേഷികളെ വികസിപ്പിച്ചിട്ടാണ് എന്ന് മാർക്സും എംഗൽസും വിശദീകരിക്കുമ്പോൾ, ആ വികാസത്തിന്റെ സാമ്പത്തിക സാധ്യതകളെ കണ്ടുവെങ്കിലും അതിന്റെ ചരിത്രപരതയേയും, ചൂഷണാത്മകതയേയും ആഡം സ്മിത്തും പിൻഗാമി ഡേവിഡ് റിക്കാർഡോയും സൗകര്യപൂർവ്വം കണ്ടില്ലെന്ന നടിച്ചു എന്നത് ആനുഷംഗികമായി പറയട്ടെ. മനുഷ്യാധ്വാനശേഷികളുടെ വികാസത്തിലെ ഒരു സുവർണ്ണ ഏടായിട്ടാണ് ആഡം സ്മിത്ത് തൊഴിൽവിഭജനത്തെ (Division of labor) രേഖപ്പെടുത്തുന്നത്.

### ആഡം സ്മിത്തിന്റെ തൊഴിലാളിയും തൊഴിൽ വിഭജനവും

ആഡം സ്മിത്തിന്റെ വായനാപരിസരത്തിലേക്ക് തൊഴിൽ വിഭജനമെന്ന ആശയം കടന്നു വരുന്നത് മാൻഡെവില്ലിന്റെ [Mandeville] Fable of the Bees എന്ന പുസ്തകത്തിൽ നിന്നാണെന്ന് കരുതപ്പെടുന്നു. മാൻഡെവിൽ എഴുതുന്നു "ഒരാൾ അമ്പും വില്ലും ഉണ്ടാക്കുമ്പോൾ മറ്റൊരാൾ ആഹാരവും, മറ്റൊരാൾ പാത്രങ്ങളും വേറൊരാൾ തുണിയും ഉണ്ടാക്കുമ്പോൾ അവർ പരസ്പരം ഉപകാരികൾ ആകുന്നുവെന്ന് മാത്രമല്ല, അവർ ചെയ്തുകൊണ്ടിരിക്കുന്ന ജോലികളിൽ അവർ മിടുക്കരും ആകുന്നു" (Mandeville, 1988)[3]. അധ്വാനത്തെ പരസ്പരബന്ധിതമായ ചെറു കണ്ണികൾ ആയി വിഘടിപ്പിക്കുന്നതിന്റെ അനന്ത സാധ്യതകളെ പറ്റിയാണ് മാൻഡെവിൽ പറഞ്ഞത്. ഇത് തന്നെയാണ് മറ്റൊരു തരത്തിൽ 1757 ൽ ജോസഫ് ഹാരീസ് അദ്ദേഹത്തിന്റെ "Essay upon Money and Coins" എന്ന ലേഖനത്തിൽ വ്യത്യസ്ത തൊഴിൽ ശേഷികൾ എങ്ങനെയാണ് സമൂഹത്തിന്റെ ക്ഷേമത്തെ വർധിപ്പിക്കുന്നത് എന്ന് വിശദീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിലും ഉണ്ടായിരുന്നത് "തൊഴിൽ വിഭജനം" തന്നെ ആയിരുന്നു (ഹാരിസ്, 1968)[4]. തൊഴിൽ വിഭജനമെന്ന ആശയത്തെ അടിത്തറയായി ഉറപ്പിച്ചുകൊണ്ടാണ് ആഡം സ്മിത്ത് അദ്ദേഹത്തിന്റെ സ്വതന്ത്രമുതലാളിത്ത വ്യവസ്ഥിതിയെ വായനക്കാർക്ക് മുൻപിൽ സമർപ്പിക്കുന്നത്. ആഡം സ്മിത്തും അദ്ദേഹത്തിന് മുൻപ് പ്ലേറ്റോയും[5] സിനഫനും[6] (Xenophon), മാൻഡെവില്ലും, ഹാരീസും, പിൽക്കാലത്ത് എമീൽ ഡർക്കൈമും (Emile Durkheim) ജനപ്രീയവൽക്കരിച്ച തൊഴിൽ വിഭജനമെന്ന ആശയമാണ് മനുസ്മൃതിയിലും ഋക് വേദത്തിലും ചാണക്യന്റെ അർത്ഥശാസ്ത്രത്തിലും ഒക്കെ തെളിമയോടെ വിശദീകരിക്കപ്പെട്ട വർണ്ണ വ്യവസ്ഥയുടേയും ജാതിവ്യവസ്ഥയുടേയും അടിസ്ഥാനം. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും മനുസ്മൃതിയിലെ തൊഴിൽ വിഭജനവും തമ്മിലുള്ള താരതമ്യപഠനമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യവും കാതലും.

ആഡം സ്മിത്ത് എഴുതുന്നു "THE GREATEST IMPROVEMENTS in the productive powers of labour, and the greater part of the skill, dexterity, and judgment, with which it is anywhere directed, or applied, seem to have been the effects of the division of labour................. To take an example, therefore, from a very trifling manufacture, but one in which the division of labour has been very often taken notice of, the trade of a pin-maker: a workman not

educated to this business (which the division of labour has rendered a distinct trade, nor acquainted with the use of the machinery employed in it (to the invention of which the same division of labour has probably given occasion), could scarce, perhaps, with his utmost industry, make one pin in a day, and certainly could not make twenty But in the way in which this business is now carried on, not only the whole work is a peculiar trade, but it is divided into a number of branches, of which the greater part are likewise peculiar trades. One man draws out the wire; another straights it; a third cuts it; a fourth points it; a fifth grinds it at the top for receiving the head; to make the head requires two or three distinct operations; to put it on is a peculiar business; to whiten the pins is another; it is even a trade by itself to put them into the paper; and the important business of making a pin is, in this manner, divided into about eighteen distinct operations, which, in some manufactories, are all performed by distinct hands, though in others the same man will sometimes perform two or three of them. I have seen a small manufactory of this kind, where ten men only were employed, and where some of them consequently performed two or three distinct operations. But though they were very poor, and therefore but indifferently accommodated with the necessary machinery, they could, when they exerted themselves, make among them about twelve pounds of pins in a day. There are in a pound upwards of four thousand pins of a middling size. Those ten persons, therefore, could make among them upwards of forty-eight thousand pins in a day. Each person, therefore, making a tenth part of forty-eight thousand pins, might be considered as making four thousand eight hundred pins in a day. But if they had all wrought separately and independently, and without any of them having been educated to this peculiar business, they certainly could not each of them have made twenty, perhaps not one pin in a day; that is, certainly, not the two hundred and fortieth, perhaps not the four thousand eight hundredths, part of what they are at present capable of performing, in consequence of a proper division and combination of their different operations" (സ്മിത്ത്, 1976)[7]. ആഡം സ്മിത്തിന്റെ രാജ്യങ്ങളുടെ സമ്പത്ത് എന്ന പുസ്തകത്തിലെ ഏറ്റവും കൂടുതലായി ഉദ്ധരിക്കപ്പെട്ട ഭാഗങ്ങളിൽ ഒന്നായ സൂചി നിർമ്മാണത്തിൽ തൊഴിൽ വിഭജനം ഉണ്ടാക്കുന്ന മാന്ത്രികതയും ഉൽപ്പാദനക്ഷമതാവർദ്ധനവും വെളിപ്പെടുത്തുന്ന ഭാഗമാണ് മേൽ കൊടുത്തിട്ടുള്ളത്. ഇത്രയും വലിയ ഒരു ഉദ്ധരണി നൽകിയത് തന്നെ ആ ഉദ്ധരണിയുടെ സാമ്പത്തികവും ചരിത്രപരവുമായ പ്രാധാന്യത്തെ മുൻനിർത്തിയാണ്. തൊഴിൽ വിഭജനത്തിലൂടെ സ്വന്തം പ്രയത്നശേഷിയും രാഷ്ട്രത്തിന്റെ ഉൽപ്പാദനശേഷിയും എങ്ങനെയാണ് വർദ്ധിക്കുന്നത് എന്നാണ് ആഡം സ്മിത്ത് പറയുന്നത്. വായനക്കാരുടെ സൂക്ഷ്മദൃഷ്ടി പതിയേണ്ട ചിലകാര്യങ്ങളിലേക്ക് ഇനി നമുക്ക് പ്രവേശിക്കാം.

മേൽകൊടുത്ത ഉദ്ധരണിയിൽ ആഡം സ്മിത്ത് വിശദീകരിക്കുന്ന തൊഴിലാളി ഉള്ളത് മാർക്സ് പറഞ്ഞതുപോലുള്ള Socially necessary abstract labor എന്ന നിലയിലാണ്(Marx,


ISSN: 2582 - 2594

1887)[8]. മാർക്സ് തൊഴിലാളിയുടെ വർഗ്ഗപരിസരത്തെ വ്യക്തമാക്കുമ്പോൾ ആഡം സ്മിത്ത് ആ ഭാഗം അദൃശ്യമാക്കിവെക്കുകയാണ് ചെയ്യുന്നത്. ഒരു ജോലിയിൽ ഏർപ്പെടുന്ന സ്വതന്ത്രവ്യക്തി എന്ന നിലയിലാണ് ആഡം സ്മിത്ത് തൊഴിലാളിയെ തന്റെ പുസ്തകത്തിൽ ചിത്രീകരിക്കുന്നത്. തന്റെ അധ്വാനം തന്റെ തന്നെ ആവശ്യങ്ങൾക്കോ അല്ലെങ്കിൽ ആ അധ്വാനം ആവശ്യമുള്ള മറ്റൊരു വ്യക്തിക്കോ സ്വതന്ത്രമായി, യാതൊരുവിധ നിർബന്ധമോ ബലപ്രയോഗമോ കൂടാതെ കൈമാറ്റം ചെയ്യാൻ കഴിയുന്ന ഒരു സ്വതന്ത്രവ്യക്തി എന്ന നിലയിൽ ആണ് ആഡം സ്മിത്ത് തൊഴിലാളിയെ വായനക്കാർക്ക് മുൻപിൽ പ്രദർശിപ്പിക്കുന്നത്. ഒരു വ്യക്തി എന്ന നിലയിലും ഉൽപാദന പ്രക്രിയയിൽ ഏർപ്പെടുന്ന ഒരു തൊഴിലാളി എന്ന നിലയിലും അയാൾ ഏർപ്പെടുന്ന തൊഴിലുകളുടെ തിരഞ്ഞെടുപ്പിൽ സമ്പൂർണ്ണമായ സ്വയം നിർണ്ണയശേഷിയും അവകാശവും ഉള്ള വ്യക്തി ആയാണ് ആഡം സ്മിത്തിന്റെ തൊഴിലാളിയെ അദ്ദേഹം വിഭാവനം ചെയ്തിട്ടുള്ളത്. അടിമ എന്ന നിലയിൽ നിന്നും പ്രജ എന്ന നിലയിൽ നിന്നും വ്യത്യസ്തമായി അധികാരങ്ങളും അവകാശങ്ങളും ഉള്ള പൗരൻ എന്ന സങ്കൽപ്പനത്തിലാണ് ആഡം സ്മിത്ത് മുതലാളിത്തത്തിലെ തൊഴിലാളിയെ ഉറപ്പിച്ചിട്ടുള്ളത്.

പ്ലേറ്റോവിയൻ അടിമ വ്യവസ്ഥിതിയിൽ കൊല്ലപ്പെടുക അല്ലെങ്കിൽ അടിമ, ഉടമ പറയുന്ന ജോലികൾ പറയുന്ന സമയം വരെ ചെയ്യുക എന്ന അവസ്ഥയാണ് അടിമയ്ക്ക് ഉണ്ടായിരുന്നത്. അടിമത്തം എന്നാൽ കൊല്ലപ്പെടാതിരിക്കുക എന്നായിരുന്നു അർഥം. അധ്വാനിക്കുക അല്ലെങ്കിൽ കൊല്ലപ്പെടുക എന്നതിനപ്പുറം മറ്റൊരു തിരഞ്ഞെടുപ്പ് അടിമയ്ക്ക് ഉണ്ടായിരുന്നില്ല. സ്വന്തം അധ്വാനശേഷി മാത്രമല്ല സ്വന്തം ശരീരവും ജീവിതവും ഒന്നും അടിമയ്ക്ക് സ്വന്തം ആയിരുന്നില്ല. ഉടമയ്ക്ക് വേണ്ടി അധ്വാനിക്കുന്ന ഒരു മൃഗമോ യന്ത്രമോ മാത്രം ആയിരുന്നു അടിമകൾ. അടിമയെ ശാരീരികമായും മാനസികമായും സാംസ്കാരികമായും കീഴ്പ്പെടുത്തിക്കൊണ്ടാണ് അടിമവ്യവസ്ഥ നിലനിന്നത്. അടിമ വ്യവസ്ഥയിൽ അടിമയും അയാളുടെ അധ്വാനവും ഒന്നായി തന്നെയാണ് നിലനിന്നിരുന്നത്. അടിമയുടെ ഉടമ കൈവശം വെച്ചത് അടിമയുടെ അധ്വാനം മാത്രമായിരുന്നില്ല അടിമയെന്ന വ്യക്തിയെ കൂടി ആയിരുന്നു. ഒരു വ്യക്തിയെ അടിമയാക്കി നിലനിർത്തുന്ന സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥിതിയെ സമ്പൂർണ്ണമായി ന്യായീകരിക്കുന്ന ഒരു മൂല്യബോധത്തിനകത്ത് മാത്രമേ ആ വ്യവസ്ഥയ്ക്ക് നിലനിൽക്കാൻ കഴിയൂ. അടിമ വ്യവസ്ഥിതി എന്നത് തൊഴിൽ വിഭജനത്തിന്റെ ക്രൂരവും വന്യവുമായ ഒരു രൂപമാണ്. അടിമയുടെ ശരീരത്തെ മരത്തിൽ തലകീഴായി കെട്ടിത്തൂക്കി അടിയിൽ ആഴി കത്തിച്ച് അയാളെ ജീവനോടെ മെല്ലെമെല്ലെ വറുത്തെടുക്കുന്ന, അയാളുടെ ശരീരഭാഗങ്ങൾ ഓരോന്നായി ചൂഴ്ന്നെടുക്കുന്ന Mob Lynching അടിമകളെ ഭയപ്പെടുത്തുക, അവരെ ബലപ്രയോഗത്തിലൂടെ അവർ ജീവിക്കുന്ന ഇടങ്ങളിൽ ചെയ്യുന്ന തൊഴിലുകളിൽ തളയ്ക്കുക എന്നത് കേവലം ഉടമയുടെ ദേഷ്യവും അടിമയുടെ മേലുള്ള ഉടമസ്ഥതയും നിയന്ത്രണവും ആ നിയന്ത്രണങ്ങളുടെ വന്യത പ്രകടിപ്പിക്കുക എന്നതിനപ്പുറം "അടിമയെ സംബന്ധിച്ചിടത്തോളം അയാളുടെ അധ്വാനശേഷി മാത്രമായി ഉടമയ്ക്ക് വിൽക്കാൻ കഴിയുന്ന ഒരു സാഹചര്യം അടിമ വ്യവസ്ഥയിൽ ഉണ്ടായിരുന്നില്ല" എന്ന ചരിത്ര യഥാർത്ഥ്യം ആണ് വെളിപ്പെടുന്നത് (പാറ്റേഴ്സൻ, 1940)[9]. തൊഴിൽ വിഭജനത്തിന്റെ ഏറ്റവും വന്യവും ക്രൂരവും ആയ അവസ്ഥയായിരുന്നു അടിമവ്യവസ്ഥ. ആഡം സ്മിത്ത് വിഭാവനം ചെയ്യുന്ന തൊഴിൽ വിഭജനം അടിമ

വ്യവസ്ഥയുടെ നേർ വിപരീതം ആയിരുന്നു. സ്വതന്ത്രവ്യക്തി എന്ന നിലയിൽ തനിക്കേറ്റവും കൂലി തരുന്ന ആൾക്ക് സ്വന്തം അധ്വാനം വിൽക്കാൻ അവകാശമുള്ള മനുഷ്യൻ ആയിരുന്നു സ്മിത്തിന്റെ തൊഴിലാളി. സ്വന്തം അദ്ധ്വാനത്തിന് അർഹമായ കൂലി തൊഴിലാളിക്ക് കൊടുക്കുന്ന ചൂഷണരഹിതമായ ഒരു വ്യവസ്ഥ ആയാണ് സ്മിത്ത് മുതലാളിത്തത്തെ ചിത്രീകരിച്ചത്. എന്നാൽ മാർക്സ് മുതലാളിത്തത്തിൽ കണ്ടത് തൊഴിലാളിയുടെ അധ്വാനം മതിയായ കൂലി കൊടുക്കാതെ കവരുന്ന ചൂഷകനായ മുതലാളിയെ ആണ്. സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കുന്ന മാന്ത്രികനായി സ്മിത്ത് മുതലാളിയെ കണ്ടപ്പോൾ, തന്റെ കരസ്പർശത്താൽ സാമ്പത്തിക വസന്തം സൃഷ്ടിക്കുന്ന കാമദേവനായാണ് ഷുംപീറ്റർ മുതലാളിയെ കണ്ടപ്പോൾ, മാർക്സ് അവരെ കണ്ടത്. തൊഴിലാളിയുടെ അധ്വാനം കവരുന്ന ചൂഷകരായിട്ടാണ്.

മുതലാളിത്തം തൊഴിലാളിയേയും അയാളുടെ അധ്വാനത്തെയും രണ്ടായി കണ്ടുകൊണ്ടാണ് അവർക്കിടയിലെ സാമ്പത്തിക വിനിമയത്തെ നിർമ്മിച്ചിരിക്കുന്നത്. ഒരു വ്യക്തി എന്ന നിലയിൽ തൊഴിലാളിയുടെ "തിരഞ്ഞെടുക്കാൻ ഉള്ള" സ്വാതന്ത്ര്യത്തെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടാണ് മുതലാളിത്തം അധ്വാനത്തെ നിർവചിക്കുന്നത്. മുതലാളിത്ത ഉൽപ്പാദന പ്രക്രിയയിൽ പങ്കാളിയാകുന്ന തൊഴിലാളി മുതലാളിക്ക് വിൽക്കുന്നത് സ്വന്തം അധ്വാനശേഷി മാത്രമാണ്; തന്നെ തന്നെയല്ല. അടിമ വ്യവസ്ഥയിൽ നിന്നും ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും അടിമയേയും അടിയാന്മാരെയും വ്യക്തികൾ എന്ന നിലയിൽ സ്വാതന്ത്ര്യത്തോടെ തങ്ങളുടെ അധ്വാനം വിൽക്കാൻ ശേഷിയുള്ള ആളുകളായി പരിവർത്തിപ്പിക്കുകയാണ് മുതലാളിത്തം ചെയ്തത്. മുതലാളിത്തത്തിലെ തൊഴിലാളി ഉടമയ്ക്ക് വേണ്ടി ജീവൻ ബലികഴിക്കേണ്ട ദുർഗ്ഗതിയിൽ ഉള്ള അടിമയോ അടിയാനോ അല്ല. ഇഷ്ടാനുസരണം ജോലിയിൽ ഏർപ്പെടാനും ഇഷ്ടാനുസരണം ജോലിയിൽ നിന്നും വിട്ട് പോകാനും നിയമം മൂലം തന്നെ സ്വാതന്ത്ര്യമുള്ള ഒരാളായിട്ടാണ് മുതലാളിത്തം തൊഴിലാളിയെ നിർവ്വചിച്ചിട്ടുള്ളത്. ഈ വിമോചനാത്മക തൊഴിലാളി നിർവ്വചനത്തിനകത്താണ് ആഡം സ്മിത്ത് അദ്ദേഹത്തിന്റെ തൊഴിൽ വിഭജനമെന്ന ആശയം ഉറപ്പിച്ചിരിക്കുന്നത്. തൊഴിലാളിയോ മുതലാളിയോ ആകാനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ആഡം സ്മിത്ത് സാമൂഹ്യമായി യാതൊരു തരത്തിലും പരിമിതപ്പെടുത്തുന്നില്ല. വ്യക്തിയുടെ അഭിരുചികളെ അനിയന്ത്രിതമായി പിന്തുടരാനുള്ള അവകാശമാണ് ആഡം സ്മിത്ത് തൊഴിലാളിക്കും മുതലാളിക്കും വകവെച്ച് കൊടുക്കുന്നത്. അഭിരുചികളെ പിൻപറ്റാനുള്ള വ്യക്തിയുടെ ഉപാധിരഹിതമായ ശേഷിയുടെ മേലാണ് ആഡം സ്മിത്ത് അദ്ദേഹത്തിന്റെ അദൃശ്യകരം (Invisible Hand) എന്ന ആശയത്തെ പ്രവർത്തനക്ഷമം ആക്കുന്നത്. കമ്പോളമെന്നത് സാമൂഹ്യവികാസത്തിൽ സ്വാഭാവികമായി ഉണ്ടായിവരുന്ന (Naturalism) ഒന്നാണെന്നും അത് സമൂഹത്തിന്റെ ക്ഷേമത്തെ ഉയർത്തുന്ന ഒന്നാണെന്നുമുള്ള ചിന്ത (Optimism) സ്മിത്ത് ഉറപ്പിച്ച് പറയുന്നത് അടിമയോ അടിയാനോ അല്ലാത്ത, സ്വതന്ത്രവ്യക്തിത്വം ഉള്ള തൊഴിലാളിയെ നിർമ്മിച്ചുകൊണ്ടാണ്. രാഷ്ട്രീയമായി അടിമയിൽ നിന്നും പൗരനിലേക്കുള്ള പരിവർത്തനത്തെ കമ്പോളത്തിലേക്ക് പരാവർത്തനം ചെയ്യുകയാണ് ആഡം സ്മിത്ത് ചെയ്തത്. എല്ലാ വ്യക്തികളും അവരുടെ സാമ്പത്തിക അഭിരുചികളെ പിന്തുടരുകയും അവർക്ക് ഏറ്റവും ഗുണകരമായ കാര്യത്തിൽ ഏർപ്പെടുകയും ചെയ്യുമ്പോൾ വ്യക്തിയുടെ മാത്രമല്ല സമൂഹത്തിന്റെയും ക്ഷേമം പരമാവധിയാകുന്നു എന്നാണ് ആഡം സ്മിത്ത് കരുതിയത്. സാമൂഹ്യക്ഷേമത്തെ പരമാവധിയാക്കാനുള്ള


ISSN: 2582 - 2594

ഉപാധിയായാണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തെ കാണുന്നത്. തൊഴിലുകൾക്കിടയിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള വ്യക്തിയുടെ പരിപൂർണ്ണ സ്വാതന്ത്ര്യത്തെ ആഡം സ്മിത്ത് അനുവദിച്ചുകൊടുക്കുന്നു. തൊഴിലാളിയുടെ ഈ സ്വാതന്ത്ര്യത്തെ തൊഴിൽ എടുക്കാനുള്ള അയാളുടെ ശേഷിക്കപ്പുറം മറ്റൊരു സാമൂഹ്യനിലകൊണ്ടും പരിമിതപ്പെടുത്താൻ ആഡം സ്മിത്ത് തയ്യാറാകുന്നില്ല. വ്യക്തിയുടെ ഈ സ്വാതന്ത്ര്യമാണ് ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനത്തിന്റെയും കമ്പോള മുതലാളിത്തത്തിന്റെയും പ്രത്യേകത. ആഡം സ്മിത്തിന്റെ ഈ കേന്ദ്ര ആശയത്തെ മുൻനിർത്തി നമുക്ക് ഇന്ത്യൻ ജാതിവ്യവസ്ഥയും അതിനകത്തെ തൊഴിൽ വിഭജനവും എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് ഇന്ത്യൻ ജാതിവ്യവസ്ഥയോട് അംബേദ്കറും ഗാന്ധിയും പുലർത്തിയ നിലപാടുകളെ വിശകലനം ചെയ്തുകൊണ്ട് നോക്കാം.

### ജാതിവ്യവസ്ഥയും തൊഴിൽ വിഭജനവും തൊഴിലാളിയും

ജാതിയെ പറ്റിയുള്ള ഡോക്ടർ അംബേദ്കറുടെ ചരിത്രപ്രസിദ്ധമായ നിരീക്ഷണം "ജാതിവ്യവസ്ഥ തൊഴിലിനെ മാത്രമല്ല തൊഴിലാളികളെ കൂടിയാണ് വിഭജിക്കുന്നത്" എന്നാണ് (Ambedkar, 2019)[10]. തൊഴിൽ കമ്പോളത്തിലേക്കുള്ള തൊഴിലാളിയുടെ സ്വതന്ത്രപ്രവേശനത്തെ മുൻനിർത്തിയാണ് മുതലാളിത്തവും കമ്പോളവും സ്മിത്തിയൻ അദൃശ്യകരവും പ്രവർത്തിക്കുന്നത്. എന്നാൽ ഇന്ത്യൻ ജാതിവ്യവസ്ഥ തൊഴിലുകൾക്കിടയിൽ തൊഴിലാളിക്ക് സ്വതന്ത്ര ചാലകത്വം അനുവദിക്കുന്നില്ല എന്നാണ് അംബേദ്കർ പറയാൻ ശ്രമിച്ചത്. ഒരു സ്വതന്ത്രസമൂഹത്തിനകത്ത് സ്വാഭാവികമായി ഉയർന്നുവരുന്നതും എല്ലാവരുടേയും ക്ഷേമത്തെ ഉണ്ടാക്കുന്നതുമായ ഒരു സാമൂഹ്യ സ്ഥാപനമായാണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തെ കണ്ടത്. എന്നാൽ സാമൂഹ്യനിയന്ത്രണത്തിനകത്ത് അസ്വഭാവികമായി ഉണ്ടായിവന്നതും വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും സാമൂഹ്യക്ഷേമം ഉറപ്പുവരുത്താത്തതുമായ ഒരു സാമൂഹ്യതിന്മ ആയാണ് അംബേദ്കർ ജാതിവ്യവസ്ഥയേയും അതിനകത്തെ തൊഴിൽ വിഭജനത്തേയും കണ്ടത്. ജാതിവ്യവസ്ഥ പ്ലേറ്റോവിയൻ അടിമവ്യവസ്ഥ തന്നെയായിരുന്നു അംബേദ്കറുടെ വീക്ഷണത്തിൽ.

വർണ്ണവ്യവസ്ഥ അനുസരിച്ച് സമൂഹത്തെ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലായി തരംതിരിക്കുകയും അവർക്കിടയിൽ എങ്ങനെയാണ് അധികാരം, അവകാശം, സമ്പത്ത് വിതരണം ചെയ്യപ്പെടേണ്ടത് എന്നാണ് മനുസ്മൃതി പറയുന്നത് (നാഥാനന്ദ, 1988)[11]. ആദ്യത്തെ മൂന്ന വർണ്ണങ്ങളിൽ നിന്നും ശൂദ്രർ വിവേചനങ്ങൾ നേരിട്ടുവെങ്കിലും വർണ്ണവ്യവസ്ഥയ്ക്ക് അകത്ത് നിലനിൽക്കുന്നതിന് അവർ കൊടുക്കേണ്ട കപ്പം ആയാണ് ഈ വിവേചനങ്ങളും അധികാര അവകാശ നിഷേധങ്ങളും നിലനിന്നത്. അതായത് ശൂദ്രജനവിഭാഗങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരമുള്ള വിധേയപ്പെടലിന് അകത്താണ് വർണ്ണവ്യവസ്ഥ അഭംഗുരം പ്രവർത്തിച്ചത്. എന്നാൽ വർണ്ണവ്യവസ്ഥയ്ക്ക് വെളിയിൽ ജീവിച്ച സ്വതന്ത്രമനുഷ്യരായ അവർണ്ണ ജനതകളുടെമേൽ സ്മൃതി അടിച്ചേൽപ്പിച്ച വിവേചനങ്ങൾ അവരുടെ സ്വതന്ത്ര വിധേയപ്പെടലിൽ ഉണ്ടായതല്ല, മറിച്ച് അധികാരവും ആയുധവും കൊണ്ട് സവർണ്ണർ നേടിയെടുത്ത ഒന്നാണ്. ശൂദ്രത്വം എന്നത് ഒരു വിഭാഗം ആളുകൾ സ്വയം സ്വീകരിച്ച സാമൂഹ്യനില ആകുമ്പോൾ അടിയാളത്വം എന്നത് ഒരു വിഭാഗം ജനങ്ങളുടെ മേൽ ബലമായി അടിച്ചേൽപ്പിച്ച സാമൂഹ്യനിലയാണ്. ഈ വിവേചനം നമ്മൾ തിരിച്ചറിഞ്ഞില്ലെങ്കിൽ എങ്ങ

നെയാണ് ജാതിവ്യവസ്ഥ പ്രവർത്തിച്ചത് എന്ന് നമുക്ക് മനസ്സിലാകാതെ പോകും. സമൂഹത്തെ സാമൂഹ്യപദവികളുടെ കാര്യത്തിൽ ശ്രേണീബദ്ധമായി നിലനിർത്തുകയും, ഓരോരുത്തരും തങ്ങൾക്ക് മുകളിൽ ഉള്ളവരോട് വിധേയത്തം പുലർത്തുകയും താഴെ ഉള്ളവരോട് വിവേചനം പുലർത്തുകയും ചെയ്യുന്നതിലൂടെ തങ്ങൾ അനുഭവിക്കുന്ന സാമൂഹ്യഅടിമത്തത്തെ തങ്ങൾക്ക് താഴെയുള്ളവരുടെമേൽ യജമാനത്തം ആർജ്ജിച്ചുകൊണ്ട് റദ്ദുചെയ്യുന്ന സാമൂഹ്യവൈകൃതം ആണ് ജാതിവ്യവസ്ഥ. വർണ്ണ വ്യവസ്ഥയ്ക്ക് വെളിയിൽ ജീവിച്ച ആളുകളെ അസ്പൃശ്യർ ആയി മുദ്രകുത്തുകയും അവർക്ക് "ഗ്രാമത്തിനു വെളിയിൽ ആയിരിക്കണം പാർപ്പിടം, അവർക്ക് ലോഹപാത്രത്തിൽ ഭക്ഷണം കൊടുക്കരുത്, നായയും കഴുതയും ആയിരിക്കണം അവരുടെ സ്വത്ത്, അവരെ കൃത്യമായി തിരിച്ചറിയും വിധമുള്ള വസ്ത്രധാരണവും തൊഴിലും പുലർത്തികൊണ്ട് അവർ ജീവിച്ചുകൊള്ളണം" എന്ന് മനുസ്മൃതി പറയുമ്പോൾ ആഡം സ്മിത്ത് മനസ്സിൽ കണ്ട തൊഴിൽ വിഭജനമല്ല ഇന്ത്യൻ ജാതിവ്യവസ്ഥ വിഭാവനം ചെയ്ത തൊഴിൽ വിഭജനം എന്ന് കാണാം. വിദ്യാഭ്യാസം, തൊഴിൽ, സ്വത്ത്, സഞ്ചാര സ്വാതന്ത്ര്യം, മറ്റുള്ളവരുമായുള്ള സാമൂഹ്യവിനിമയങ്ങൾ ഒക്കെ ജാതിവ്യവസ്ഥ അസ്പൃശ്യജനതകൾക്ക് നിഷേധിച്ചിരുന്നു. ആഡം സ്മിത്തും മനുവും തൊഴിൽ വിഭജനത്തിന്റെ കാര്യത്തിൽ രണ്ടു ധ്രുവങ്ങളിൽ ആണുള്ളത്. സ്മിത്തിന്റെ ലിബറൽ സ്പേസ് മനുസ്മൃതിയിൽ ഇല്ല.

ഇനി നമുക്ക് മഹാത്മാഗാന്ധിയുടെ വർണ്ണാശ്രമധർമ്മ വീക്ഷണങ്ങളെ അവലോകനം ചെയ്തുകൊണ്ട് എങ്ങനെയാണ് സ്മിത്തിന്റെ തൊഴിൽ വിഭജനം ഇന്ത്യൻ ജാതിവ്യവസ്ഥയിൽ നിന്നും വ്യതിരിക്തം ആകുന്നത് എന്ന് നോക്കാം. ജാതിവ്യവസ്ഥയെ തകർത്തുകൊണ്ടുള്ള പുത്തൻ ഇന്ത്യയെ ആണ് അംബേദ്കർ ജാതിനിർമ്മൂലനം എന്ന കൃതിയിലൂടെ വിഭാവനം ചെയ്തത്. എന്നാൽ ഗാന്ധിജി ആകട്ടെ വർണ്ണവ്യവസ്ഥയുടെ അടിത്തറയിൽ കെട്ടിപ്പൊക്കുന്ന രാമരാജ്യത്തെയാണ് സ്വപ്നം കണ്ടത്. രാമരാജ്യത്തിന്റെ രാഷ്ട്രസംവിധാനമാണ് ഗ്രാമസ്വരാജ്. ഗാന്ധി അദ്ദേഹത്തിന്റെ ആദർശഭാംഗി (Ideal Bhangi) എന്ന ലേഖനത്തിൽ ആത്മീയതലത്തിൽ തോട്ടിയും പുരോഹിതനും തുല്യർ ആണെന്ന് വിശദീകരിക്കുന്നുണ്ട് (Gandhi, 1936)[12]. ബ്രഹ്മത്തിന്റെ പലവിധ രൂപങ്ങൾ (Manifestation) എന്ന നിലയിൽ, ചെയ്യുന്ന ജോലികൾ പലതാണ് എങ്കിലും, സമൂഹത്തിൽ അവർ അനുഭവിക്കുന്ന സാമൂഹ്യ പദവികൾ വ്യത്യസ്തം ആണെങ്കിലും, തോട്ടിയും ബ്രാഹ്മണനും ഒന്നാണ് എന്ന വിപ്ലവകരമായ നിലപാടാണ് ഗാന്ധി പുലർത്തിയത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനത്തിൽ തോട്ടിയും പൗരോഹിത്യവും തൊഴിലുകൾ എന്ന നിലയിൽ സമൂഹത്തിൽ നിലനിൽക്കുന്നു. എന്നാൽ ഇന്നയാളുകൾ മാത്രം തോട്ടിപ്പണി ചെയ്യണം ഇന്നയാളുകൾ മാത്രം പുരോഹിതർ ആകണം എന്ന നില സ്മിത്തിന്റെ തൊഴിൽ വിഭജനത്തിൽ ഇല്ല. എന്നാൽ അതാണ് ജാതിവ്യവസ്ഥയുടെ മർമ്മം. വ്യക്തിയുടെ തൊഴിൽ അഭിരുചിയല്ല, മറിച്ച് ജന്മം ആണ് ജാതിവ്യവസ്ഥയിൽ ഒരുവനെ പുരോഹിതനോ തോട്ടിയോ ആക്കുന്നത്. തോട്ടിയുടെ മകന് പുരോഹിതൻ ആകാൻ സാമൂഹ്യനിയന്ത്രണം ഇല്ലാത്ത സമൂഹത്തിലാണ് ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം പ്രവർത്തിക്കുന്നത്. എന്നാൽ തോട്ടിയുടെ മകന് തോട്ടി മാത്രം ആകാൻ പറ്റുന്ന ഒരു സമൂഹത്തിലാണ് ജാതിവ്യവസ്ഥയും അതിനകത്തെ തൊഴിൽ വിഭജനവും പ്രവർത്തിക്കുന്നത്. ഗാന്ധിയുടെ രാമരാജ്യത്തിൽ തോട്ടിയുടെ മകന് പുരോഹിതൻ ആകാൻ കഴിയില്ല. അയാൾക്ക് ഏറ്റവും മെച്ചപ്പെട്ട തോട്ടി ആയി മാറാനേ കഴിയൂ. ഗാന്ധിയൻ രാമരാജ്യത്തിനകത്ത് ജാതിവ്യവസ്ഥ തൊഴിലാളിയുടെ മേൽ


ISSN: 2582 - 2594

അടിച്ചേൽപ്പിക്കുന്ന ചലന സ്വാതന്ത്ര്യമില്ലായ്മ ആഡം സ്മിത്തിന്റെ തൊഴിലാളിക്ക് ഇല്ല. ഗാന്ധിയുടെ ആദർശഭാംഗി ജാതിവ്യവസ്ഥയ്ക്ക് അകത്ത് അയാൾക്ക് പറഞ്ഞിട്ടുള്ള ഇടങ്ങൾക്കുള്ളിൽ മാത്രം അധിവസിച്ചുകൊണ്ട് സ്വന്തം ജോലിയിൽ മെച്ചപ്പെടുന്ന തൊഴിലാളി മാത്രമാണ്. മറ്റൊരു തൊഴിൽ തിരഞ്ഞെടുക്കാനുള്ള അവകാശം അയാൾക്കില്ല. ആത്മീയ തലത്തിൽ ബ്രഹ്മത്തിലേക്ക് എത്താനുള്ള തോട്ടിയുടെ അവകാശത്തെ ഗാന്ധി സമ്മതിച്ചുകൊടുക്കുന്നു. എന്നാൽ ഭൗതീകതലത്തിൽ തോട്ടി പുരോഹിതൻ ആകുന്നതിനെ ആദർശഭാംഗി എന്ന ലേഖനത്തിൽ ഗാന്ധി അനുകൂലിക്കുന്നില്ല. മെച്ചപ്പെട്ട തോട്ടി ആയി മാറുന്നതിലൂടെ, യാതൊരു മടിയോ അനിഷ്ടമോ കൂടാതെ ആ കർമ്മം ചെയ്യുന്നതിലൂടെ ഒരിക്കൽ തോട്ടിക്കും ബ്രഹ്മത്തിൽ എത്തിച്ചേരാം എന്നാണ് ഗാന്ധി പറയുന്നത്. എന്നാൽ തോട്ടി ആയോ പൂജാരി ആയോ മാത്രം ഒരാൾക്ക് ജീവിക്കേണ്ടിവരുന്ന ഒരവസ്ഥ ഇല്ലാത്ത കാലത്തെയാണ് അംബേദ്കർ സ്വപ്നം കണ്ടത്. ഇന്ത്യൻ ഭരണഘടനയിലൂടെ അദ്ദേഹം നേടിയെടുക്കാൻ ഉദ്ദേശിച്ചതും അത് തന്നെയാണ്. ഗാന്ധി പശുവിനെ ഒരു സാമ്പത്തികവിഭവം ആയിട്ട് മാത്രമല്ല മറിച്ച് ഗ്രാമീണ ആത്മീയതയെ പ്രതിനിധീകരിക്കുന്ന ഒന്നായിട്ട് കൂടിയാണ് കരുതിയത്. ഗോവധ നിരോധനം ഗാന്ധിക്ക് ആത്മീയമായ ഒരു പ്രവർത്തി ആയിരുന്നു. എന്നാൽ അംബേദ്കറെ സംബന്ധിച്ച് ഗോവധ നിരോധനം ആധുനികകന്നുകാലിപരിപാലനത്തിന്റെ അവിഭാജ്യ ഘടകമായ ഒരു കാര്യം ആയിരുന്നു (ജാഫ്രലോട്ട്, 2000)[13]. ഗാന്ധിയുടെ ഗോവധനിരോധനം ജാതിവ്യവസ്ഥയുടെ നിലനിൽപ്പിനെ അനുകൂലിക്കുന്ന ഒന്നായി നിലകൊണ്ടപ്പോൾ അംബേദ്കറുടെ ഗോവധനിരോധനം തൊഴിൽ വിഭജനത്തിന്റെ സാധ്യതകളെ വിപുലപ്പെടുത്തുന്ന ഒന്നായാണ് മുന്നോട്ട് വന്നത്. ആഡം സ്മിത്ത് വിഭാവനം ചെയ്തതുപോലെ കമ്പോളത്തിൽ ഒരു വ്യക്തി എന്ന നിലയിലും തൊഴിലാളി എന്ന നിലയിലും സ്വതന്ത്രമായി ഇടപെടാൻ ശേഷിയുള്ള ഒരാളായി അസ്പൃശ്യജാതികളെ മാറ്റാനാണ് അംബേദ്കർ ഭരണഘടനയിലൂടെ ശ്രമിച്ചത്.

ജാതിയും വർണ്ണവും പ്രവർത്തിക്കുന്ന ഇന്ത്യൻ സാമൂഹ്യ ഇടങ്ങളിൽ ജാതി കർമ്മത്തെ മറികടക്കാനുള്ള വ്യക്തിയുടെ അവകാശത്തെ നിയമ/ധർമ്മവിരുദ്ധം ആയാണ് സ്മൃതി കരുതുന്നത്. ആഡം സ്മിത്ത് ആകട്ടെ ഇഷ്ടമുള്ള തൊഴിൽ സ്വീകരിക്കാനുള്ള വ്യക്തിയുടെ അവകാശത്തെ ഉപാധിരഹിതമായി വകവെച്ചു കൊടുക്കുന്നു. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം തൊഴിൽ കമ്പോളത്തിലേക്കുള്ള തൊഴിലാളികളുടെ സ്വതന്ത്രമായ കടന്നുവരവിനെ സ്വാഗതം ചെയ്യുന്നു. ഇത്തരമൊരു സാഹചര്യം ഉണ്ടാകണമെങ്കിൽ തൊഴിൽ വൈദഗ്ദ്യം നേടാനുള്ള സ്വാതന്ത്ര്യം തൊഴിലാളിക്ക് ഉണ്ടാകണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം എല്ലാവർക്കും ലഭ്യമാകുന്ന ഒരു സമൂഹത്തിൽ നടക്കുന്ന തൊഴിൽ വിഭജനത്തെ പറ്റിയാണ് ആഡം സ്മിത്ത് പറഞ്ഞത്. സമൂഹത്തിലെ അഞ്ചിൽ നാല് ഭാഗം വരുന്ന ശൂദ്രർ അടക്കമുള്ള ബഹുജനങ്ങൾക്ക് വിദ്യാഭ്യാസം നിഷേധിച്ച ഇന്ത്യൻ ജാതിവ്യവസ്ഥ തൊഴിൽ കമ്പോളത്തിലേക്ക് എല്ലാവർക്കും സ്വതന്ത്രമായ പ്രവേശനം അനുവദിക്കാത്ത അടഞ്ഞ സ്ഥലമായിരുന്നു. ഓരോ ജാതിക്കും സംവരണം ചെയ്തിട്ടുള്ള തൊഴിലുകൾക്ക് ആവശ്യമായ വൈദഗ്ദ്യം മാത്രം നേടുന്നതിനപ്പുറം ഒരു തൊഴിലിൽ നിന്നും മറ്റൊരു തൊഴിലിലേക്ക് മാറുന്നതിനെ ഇന്ത്യൻ ജാതിവ്യവസ്ഥ അനുകൂലിക്കുന്നേ ഇല്ല. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം ചലനാത്മകവും പുരോഗമനാത്മകവും സമൂഹത്തിലെ മുഴുവൻ ആളുകളേയും ഉൾക്കൊ

ള്ളുന്നതും ആയിരുന്നു. എന്നാൽ ഇന്ത്യൻ ജാതിവ്യവസ്ഥയ്ക്ക് അകത്തുള്ള തൊഴിൽ വിഭജനം അടഞ്ഞതും, ചലനരഹിതവും എല്ലാവർക്കും തുല്യപങ്കാളിത്തം അനുവദിക്കാത്തതും ആണ്.

**ആഡം സ്മിത്തും മനുവും**

തൊഴിൽ മാർക്കറ്റിൽ ജാതി പ്രവർത്തിക്കുന്നതിലൂടെ ഉണ്ടാകുന്ന പോസിറ്റീവ് ആയ ഗുണങ്ങളെ പറ്റി ഗാന്ധിജി പലവട്ടം പറഞ്ഞിട്ടുണ്ട്. ഓരോ ജാതിക്കും അവരുടേതായ തൊഴിലുകൾ ഉള്ളതിനാൽ മറ്റു ജാതിക്കാരിൽ നിന്നും തൊഴിൽ മാർക്കറ്റിൽ അവർക്ക് കിടമത്സരം നേരിടേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. ഓരോ ആൾക്കും അവരുടെ ജാതിക്കായി നീക്കിവെച്ച തൊഴിലുകൾ ചെയ്യാമായിരുന്നു. ഒരേ തൊഴിൽ നൂറ്റാണ്ടുകളായി ചെയ്തുവരുന്നതിനാൽ കാര്യക്ഷമതയുള്ള ഒരു തൊഴിൽ ഗിൽഡായി ഓരോ ജാതിക്കും പ്രവർത്തിക്കാൻ കഴിയുമായിരുന്നു. ഓരോ വ്യക്തിക്കും തൊഴിലും വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പുവരുത്തുന്ന ഒന്നായാണ് ഗാന്ധിജി ജാതിവ്യവസ്ഥയെ വിഭാവനം ചെയ്തത്. വർണ്ണവ്യവസ്ഥയിൽ പൂർവ്വ ജന്മ കർമ്മങ്ങളെ ആശ്രയിച്ചാണ് ഓരോ വ്യക്തിയും അവരുടെ ഈ ജന്മത്തിലെ വർണ്ണത്തിലേക്ക് പ്രവേശിക്കുന്നത്. ഒരാൾക്ക് അയാളുടെ വർണ്ണത്തിനായി നിശ്ചയിച്ചിട്ടുള്ള അതിർത്തികളെ അതിലംഘിക്കാൻ അനുവാദമില്ലെന്ന തത്വത്തിന്മേൽ ആണ് ഗാന്ധിജി ആദർശ ഭാംഗിയെ ഉണ്ടാക്കിയിട്ടുള്ളത്. ജന്മം അല്ല കർമ്മം ആണ് ഒരാളുടെ വർണ്ണത്തെ നിർണ്ണയിക്കുന്നത് എന്നത് കേൾക്കുമ്പോൾ പുരോഗമനാത്മകം ആണെന്നു തോന്നുമെങ്കിലും പൂർവ്വജന്മകർമ്മങ്ങൾ ആണ് ഈ ജന്മത്തിലെ വർണ്ണത്തെ നിശ്ചയിക്കുന്നത് എന്ന സനാതനധർമ്മ വീക്ഷണം, ഈ ജന്മത്തിൽ, ജന്മംകൊണ്ട് ലഭ്യമായ വർണ്ണത്തെ അതിന്റെ പൂർവ്വനിശ്ചയ കർമ്മ സാധ്യതകളെ അതിലംഘിക്കാൻ അനുവദിക്കുന്നില്ല എന്നതിനാൽ വ്യക്തിയുടെ കഴിവുകളേയോ, അയാളുടെ സാമ്പത്തിക തിരഞ്ഞെടുപ്പുകളേയോ ജാതിവ്യവസ്ഥ അംഗീകരിക്കുന്നില്ല എന്ന് കാണാം. ഗാന്ധിയുടെ ആദർശ ഭാംഗി പൂർവ്വ ജന്മ കർമ്മങ്ങളുടെ പാശംകൊണ്ട് ബന്ധിക്കപ്പെട്ട ഒരു വ്യക്തിയാണ്. ജാതിയുടെ അതിർവരമ്പുകളെ മറികടക്കാനുള്ള അവകാശം അയാൾക്കില്ല. എന്നാൽ ആഡം സ്മിത്തിന്റെ തൊഴിലാളിയെ അടിമയിൽ നിന്നും കുടിയാനിൽ നിന്നും വ്യത്യസ്തൻ ആക്കുന്നത് ഇഷ്ടമുള്ള തൊഴിൽ പഠിക്കാനും അതിൽ ഏർപ്പെടാനുമുള്ള അയാളുടെ അവകാശമാണ്. ആ സ്വാതന്ത്ര്യം എല്ലാ വ്യക്തികൾക്കും അനുവദിച്ചു കൊടുക്കുന്നതും അതിനായി സാഹചര്യങ്ങൾ ഒരുക്കുന്നതുമായ ലിബറൽ മുതലാളിത്തമാണ് ആഡം സ്മിത്ത് സ്വപ്നം കണ്ടത്. എന്നാൽ വിദ്യയും തൊഴിലും വരുമാനവും സമൂഹത്തിലെ ചിലർക്ക് മാത്രമായി സംവരണം ചെയ്തുവയ്ക്കുന്ന സംവിധാനമാണ് ഇന്ത്യൻ ജാതിവ്യവസ്ഥയിൽ ഉണ്ടായിരുന്നത്. തൊഴിൽ വിഭജനത്തെ പറ്റി സ്മിത്തിനും മുൻപേ സംസാരിച്ച ഗ്രീക്ക് ചിന്തകൻ പ്ലേറ്റോ തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനമായി കണ്ടെത്തിയത് ജന്മനാ ആളുകളിലുള്ള ഗുണ വ്യതിയാനങ്ങളെ ആയിരുന്നു. എന്നാൽ സ്മിത്ത് ആകട്ടെ വ്യക്തികൾ തമ്മിലുള്ള ശേഷീവ്യത്യാസത്തെ തൊഴിൽ വിഭജനത്തിന്റെ കാരണമായിട്ടല്ല മറിച്ച് ഫലമായിട്ടായിരുന്നു വീക്ഷിച്ചത്. പ്ലേറ്റോയുടെ വീക്ഷണത്തിനകത്ത് ഇന്ത്യൻ ജാതിവ്യവസ്ഥയുടെ യുക്തി കാണാവുന്നതാണ്. ഓരോ വ്യക്തിക്കും ജന്മനാ ചില കഴിവുകൾ ഗുണങ്ങൾ ഉണ്ടെന്നും അതിനാൽ ഓരോ വ്യക്തിയേയും പ്രകൃതി ചില പ്രത്യേക കർമ്മങ്ങൾ ചെയ്യാനായാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന പ്ലെറ്റോണിയൻ നിഗമനം ജാതിയുടെ മൂല്യബോധത്തെ ന്യായീകരിക്കാൻ ഉപയോഗി

 ISSN: 2582 - 2594

ക്കാവുന്നതാണ്. പരിവർത്തനം ചെയ്യാനുള്ള വ്യക്തിയുടെ ശേഷിയെ അംഗീകരിക്കുകവഴി സ്മിത്ത് മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവേശ്ചയുടെ പ്രതിഫലനമാണ് ഭൂമിയിലെ മനുഷ്യജീവിതമെന്ന ചിന്തയെ കൂടി ചോദ്യം ചെയ്യുന്നതായി കാണാം.

ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം പ്രവർത്തിക്കുന്നത് കൂലിയുടെ സമരസപ്പെടലിലൂടെ തൊഴിലിന്റെ വിതരണത്തെ ഉറപ്പുവരുത്തുന്ന തൊഴിൽ കമ്പോളത്തിലൂടെയാണ്. തൊഴിൽ കമ്പോളത്തിലേക്ക് പ്രവേശിക്കാനും വിട്ടുപോകാനും വ്യക്തികൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടാകുമ്പോൾ കഴിവും കൂലിയും തമ്മിൽ സ്വതന്ത്രമായി വിനിമയം ചെയ്യപ്പെടുന്നു. എന്നാൽ ജാതിവ്യവസ്ഥയിൽ തൊഴിലുകൾ ആളുകൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നത് ജന്മം കൊണ്ടാണ്. അല്ലാതെ ജോലി ചെയ്യാനുള്ള ഒരാളുടെ കഴിവോ അഭിരുചിയോ സമ്മതമോ അല്ല. വ്യക്തികൾക്ക് അവരുടെ കഴിവും അഭിരുചിയും അനുസരിച്ച് സാമൂഹ്യമായും സാമ്പത്തികമായും ഉന്നത നിലയിലേക്ക് സ്വതന്ത്രമായി പോകാൻ കഴിയുന്ന ഒന്നായാണ് സ്മിത്തിന്റെ തൊഴിൽ വിഭജനം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ നൂറ്റാണ്ടുകളായി ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തിക- സാമൂഹിക അസമത്തങ്ങളെ അതേപടി നിലനിർത്താനും അധീശ വർഗ്ഗങ്ങൾ കൈവശം വച്ചനുഭവിക്കുന്ന സമ്പത്തും അധികാരവും അതേപടി തുടരാനും ഉള്ള മാർഗ്ഗമായാണ് ജാതിവ്യവസ്ഥയ്ക്കകത്ത് തൊഴിൽ വിഭജനം നിലനിർത്തിയത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം സാമൂഹ്യമായി മനുഷ്യരെ പുതുക്കിപ്പണിയുന്നതും സാമ്പത്തികമായി അവരെ മെച്ചപ്പെടുത്തുന്നതും ആവുമ്പോൾ, ത്രൈവർണ്ണികർക്ക് മാത്രം മെച്ചമുള്ള ഒരു അടഞ്ഞ വ്യവസ്ഥ ആയിരുന്ന ജാതിവ്യവസ്ഥയ്ക്ക് അകത്തെ തൊഴിൽ വിഭജനം. അത് മനുഷ്യരെ വിഘടിപ്പിച്ചു. തൊഴിലിടങ്ങളെ ജാതി ഇടങ്ങൾ ആക്കി മാറ്റി. മനുഷ്യരുടെ ശേഷികൾക്ക് ജാതിയുടെ അളവുകോലുകൊണ്ട് അതിർത്തി വരച്ചു. സാമൂഹ്യമായി മുന്നേറാനുള്ള മനുഷ്യരുടെ കഴിവിനെ ഇല്ലാതാക്കി. അങ്ങനെ തൊഴിൽ വിഭജനം കൊണ്ട് ആഡം സ്മിത്ത് എന്താണോ വിഭാവനം ചെയ്തത് അതിന്റെയൊക്കെ വിപരീതം ആയിരുന്ന ജാതിവ്യവസ്ഥയ്ക്ക് അകത്തെ തൊഴിൽ വിഭജനം. രാജ്യങ്ങളുടെ സമ്പത്ത് എങ്ങനെയാണ് വളരുന്നതെന്ന മൗലികമായ ചോദ്യമാണ് ആഡം സ്മിത്ത് ചോദിച്ചത്. മെർക്കന്റെയിൽ സാമ്പത്തിക ചിന്തകർ മുന്നോട്ടുവെച്ച "അയൽരാജ്യങ്ങളെ ദരിദ്രർ" ആക്കുന്ന സാമ്പത്തികനയം സ്മിത്തിന് സ്വീകാര്യമായിരുന്നില്ല. രാജ്യങ്ങൾ സാമ്പത്തികമായി വളരുന്നത് പ്രാഥമികമായി തൊഴിൽ വിഭജനത്തിന്റെ വികാസത്തിലൂടെയും അതിനെ സഹായിക്കുന്ന കമ്പോള വികാസത്തിലൂടെയും ആണെന്നാണ് സ്മിത്ത് കരുതിയത്. കമ്പോളത്തിന്റെ നിഷ്പക്ഷത (Neutrality) ജാതിവ്യവസ്ഥയ്ക്ക് അന്യമായിരുന്നുവല്ലോ. ആധുനിക ഇന്ത്യയിലെ ജയിലുകളിൽ തോട്ടിപ്പണി എടുക്കേണ്ടത് "താഴ്ന്ന ജാതികൾ" ആയിരിക്കണമെന്നും, ഭക്ഷണം വെക്കേണ്ടതും ജയിൽ ആശുപത്രിയിലെ സഹായി ആകേണ്ടതും "ഉയർന്ന ജാതികൾ" ആകണമെന്നും ജയിൽ മാനുവലിൽ തന്നെ എഴുതിവെച്ച് നടപ്പിലാക്കുമ്പോൾ ജയിലിനു പുറത്ത് അദ്ധ്യാപകൻ ആയി ജോലി നോക്കുന്ന ആളും ജയിലിനകത്ത് എത്തിയാൽ അയാളുടെ ജാതികൊണ്ട് മാത്രം അയാൾ തോട്ടിപ്പണി ചെയ്യണം എന്ന ജയിൽ മാനുവൽ യുക്തി മനുസ്മൃതിയുടെ യുക്തിയാണ്. അത് ആഡം സ്മിത്തിന്റെ യുക്തിയല്ല. ജയിലിൽ എത്തുന്നതോടെ ഒരാൾ അയാളുടെ ജാതികൊണ്ട് മാത്രം തൊഴിൽ തിരഞ്ഞെടുപ്പിന് അവകാശമില്ലാത്ത ഒരാളായി മാറ്റപ്പെടുന്നത് ഇന്നും തുടരുന്നു എന്നത് ഭരണഘടനയുടെ ചൂടിലും മനുസ്മൃതി വാടിപ്പോകുന്നില്ല എന്നാണ് സൂചിപ്പിക്കുന്നത്.

കമ്പോളത്തിന്റെ നിഷ്പക്ഷതയെ സൂചിപ്പിച്ചുകൊണ്ട് Can Adam Smith challenge Manu? Caste and the free market in India എന്ന ലേഖനത്തിൽ രാംകുമാർ ഇങ്ങനെ എഴുതുന്നു. "കമ്പോളം കറുത്ത ജോലിക്കാരെയോ വെളുത്ത ജോലിക്കാരെയോ വേർതിരിക്കുകയോ അവരോട് വിവേചനം കാണിക്കുകയോ ചെയ്യുന്നില്ല. കമ്പോളം ജോലിക്കാരെ മുന്നാക്ക ജാതിക്കാർ എന്നോ പിന്നാക്ക ജാതിക്കാർ എന്നോ കാണുന്നില്ല. അവർക്ക് ഏൽപ്പിച്ച ജോലി കൃത്യമായി ചെയ്യാൻ പറ്റുന്നുണ്ടോ എന്ന് മാത്രമാണ് കമ്പോളം നോക്കുന്നത്. രണ്ടു തൊഴിലാളികൾക്ക് ഇടയിൽ കൂലി വ്യത്യാസം നിലനിൽക്കുന്നുവെങ്കിൽ അവർക്കിടയിലെ കിടമൽസരത്തിലൂടെ ഒരു നാൾ അവരുടെ കൂലി തുല്യമാകുക തന്നെ ചെയ്യും". തത്വത്തിൽ കമ്പോളം ഒരു നിഷ്പക്ഷ സ്ഥാപനം ആണെങ്കിൽ പോലും പ്രായോഗികമായി ഒരു സമൂഹത്തിനകത്തെ എല്ലാ വിവേചനങ്ങളേയും പ്രതിഫലിപ്പിക്കുന്ന ഒന്നാണ് മുതലാളിത്ത കമ്പോളം എന്നാണ് ഈ ലേഖനത്തിലൂടെ അദ്ദേഹം പറയാൻ ശ്രമിക്കുന്നത് (Ram Kumar, 2021)[14]. മുതലാളിത്ത കമ്പോളത്തിൽ ആഡം സ്മിത്തിന്റെ അദൃശ്യകരമല്ല പ്രവർത്തിക്കുന്നത്. അവിടെ ആളുകളുടെ ജാതി, മതം, വർഗ്ഗം, നിറം, ലിംഗം, ലൈംഗികത, വാസസ്ഥലം ഒക്കെ സക്രിയമായി പ്രവർത്തിക്കുന്നുണ്ട് എന്നത് പരസ്യമായ രഹസ്യമാണ്. കമ്പോളപ്രയോഗങ്ങളെ അടിസ്ഥാനമാക്കി വിമർശനസാധ്യത ഉള്ളപ്പോൾ തന്നെ തത്വത്തിൽ കമ്പോളം നിഷ്പക്ഷത പുലർത്താൻ പറ്റുന്ന ഒരു സ്ഥാപനം തന്നെയാണ് എന്ന് കാണാം. എന്നാൽ ജാതിവ്യവസ്ഥ തത്വത്തിൽ മാത്രമല്ല പ്രയോഗത്തിലും ജാതിവിവേചനത്തെ അനുകൂലിക്കുന്ന സാമൂഹ്യ സ്ഥാപനമാണ്. അവിടെയാണ് ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും മനുസ്മൃതിയിലെ ജാതിവ്യവസ്ഥയും വഴിപിരിയുന്നത്. സോവിയറ്റ് യൂണിയൻ തകരുമ്പോഴും മാർക്സും കമ്യൂണിസവും മെച്ചപ്പെട്ട പ്രയോഗസാധ്യതയ്ക്കായി നിലനിൽക്കും എന്ന് പറയുന്നത് പോലെ വെളുത്തവരുടെ മെറിറ്റിന് ചുറ്റും കമ്പോളം കറങ്ങിയാലും കറുത്തവരെ കൂടി പരിഗണിക്കേണ്ട കാലം വരുമെന്ന ഒരു സാധ്യത കമ്പോളത്തിനകത്തുണ്ട്. എന്നാൽ ജാതിവ്യവസ്ഥയ്ക്ക് അകത്ത് ഗാന്ധിയുടെ ആദർശ ഭാംഗിക്ക് ഒരിക്കലും അയാളുടെ ജാതി കേന്ദ്രീകൃത തൊഴിലിടത്തിന് വെളിയിൽ പോകാൻ കഴിയില്ല. ഈ വ്യത്യാസം മനുവിനേയും ആഡം സ്മിത്തിനേയും പരസ്പര വിനിമയം സാധ്യമല്ലാത്ത രണ്ടു ധ്രുവങ്ങളിലേക്ക് മാറ്റിനിർത്തുന്നു.

## ഉപസംഹാരം

തൊഴിൽ വിഭജനത്തിന്റെ സാധ്യതകളെപ്പറ്റി വാചാലരായിരുന്നവർ ആണ് ഗ്രീക്ക് ചിന്തകരായ പ്ലേറ്റോയും സിനഫോണും ഒക്കെ. പിൽക്കാലത്ത് വികസിക്കാൻ പോകുന്ന മുതലാളിത്തത്തെ കാണുന്നതിനും മുൻപേ അതിനെപറ്റി പറഞ്ഞ ആളായിരുന്നു മാൻഡെവിൽ. അതുകൊണ്ട് തന്നെ തൊഴിൽ വിഭജന സിദ്ധാന്തത്തെ പറ്റിയുള്ള ആഡം സ്മിത്തിന്റെ നിഗമനങ്ങൾക്ക് തനിമ ഇല്ലെന്നു വാദിച്ച ആളുകൾ ആയിരുന്നു ഷുംപീറ്ററും (Schumpeter, 2006)[15], റാഷിദും (Rashid, 1998)[16]. എന്നാൽ സ്കിന്നർ, ക്യാംബെൽ (Skinner and Campbell, 1976)[17], വൈനർ (Viner, 1991)[18] തുടങ്ങിയവർ സ്മിത്തിന്റെ തൊഴിൽ വിഭജന സിദ്ധാന്തത്തിന്റെ തനിമയെ പിന്തുണച്ചവർ ആയിരുന്നു. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജന സിദ്ധാന്തത്തെ പറ്റിയുള്ള അക്കാദമിക് ചേരിതിരിവുകൾ എന്ത് തന്നെ ആണെങ്കിലും അദ്ദേഹത്തിന്റെ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ സ്വതന്ത്ര വായനക്കാർക്ക് അറിയാൻ കഴിയുന്നത് മുതലാളിത്ത കമ്പോള വ്യവസ്ഥിതിയുടെ വികാസത്തെപ്പറ്റി, അതിന്റെ അത്ഭുതാവഹമായ വികസനസാ

ധ്യതകളെ പറ്റിയുള്ള ഉറച്ച ബോധ്യത്തിലാണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തെപ്പറ്റി സംസാരിച്ചത്എന്നാണ്. കമ്പോള വികാസത്തിന്റെ പാരമ്യതയിൽ ആണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തിന്റെ നേട്ടങ്ങളെ പ്രതിഷ്ഠിച്ചത്. പോലീസ് സ്റ്റേറ്റിന് മുകളിലേക്ക് ഭരണകൂടം വളരേണ്ടതില്ല എന്ന അടിസ്ഥാന സങ്കൽപ്പനത്തിലാണ് ആഡം സ്മിത്ത് തന്റെ ജനഹിത മുതലാളിത്തത്തെ നിർമ്മിച്ചെടുത്തിട്ടുള്ളത്. എന്നാൽ കൃത്യമായ മർദ്ദനോപാധികളോടുകൂടി, വ്യക്തികളുടെ സ്വാതന്ത്ര്യങ്ങളെ കവരുന്ന ഒരു "പോലീസ് സ്റ്റേറ്റിനെ" ആണ് മനുസ്മൃതിയിലെ ജാതിവ്യവസ്ഥയുടെ നടത്തിപ്പിനായി മനു വിഭാവനം ചെയ്തിട്ടുള്ളത്. ജാതിയുടെ നാലതിർത്തിക്കുള്ളിൽ വ്യക്തിയുടെ പെരുമാറ്റങ്ങളെ തളച്ചിടുന്നത് വ്യക്തിയുടെ തന്നെ ആത്മീയമായ കടമയായി വളർത്തിയെടുക്കുന്നതിൽ ജാതിവ്യവസ്ഥ വിജയിച്ചു. അപഭ്രംശം സംഭവിക്കുന്ന വ്യക്തികളെ നേർവഴിക്ക് നടത്തുക എന്നത് സ്മൃതിയിലെ പോലീസ് സ്റ്റേറ്റിന്റെ ധർമ്മം ആയിരുന്നു. സ്മൃതിയിലെ പോലീസ് സ്റ്റേറ്റ് വ്യക്തിയുടെ സ്വാതന്ത്ര്യത്തെ കവർന്നപ്പോൾ ആഡം സ്മിത്തിന്റെ പോലീസ് സ്റ്റേറ്റ് വ്യക്തിസ്വാതന്ത്ര്യത്തിനായി നിലകൊള്ളുന്നതാണ്. കമ്പോളത്തിന്റെ നിഷ്പക്ഷതയിൽ ആണ് ആഡം സ്മിത്ത് തന്റെ വിമോചനാത്മക തൊഴിൽ വിഭജന സിദ്ധാന്തത്തെ ഉറപ്പിച്ചത്. കമ്പോളത്തെ മഹത്വവൽക്കരിച്ച സാമ്പത്തിക ചിന്തകർക്ക് പോലും കമ്പോളത്തിന്റെ നിഷ്പക്ഷതയിൽ സംശയം ഉണ്ടായിരുന്നു എന്നതാണ് സത്യം. കമ്പോളത്തിൽ സക്രിയമായി ഇടപെടുന്നതിൽ വ്യക്തിയുടെ സമ്പത്തും പണവും പദവിയും ഒക്കെ നിർണ്ണായകങ്ങളായ ഘടകങ്ങൾ ആണെന്ന ഉറച്ച ബോധ്യം അവർക്കെല്ലാം ഉണ്ടായിരുന്നു. മുതലാളിത്ത കമ്പോളവ്യവസ്ഥയുടെ കാലത്തും ഇന്ത്യയിൽ ജാതിവ്യവസ്ഥയും അതിന്റെ അധികാര വിഭവവിതരണ രീതികളും വലിയ മാറ്റങ്ങൾ ഒന്നുമില്ലാതെ ഇന്നും തുടരുന്നു എന്നത് സൂചിപ്പിക്കുന്നത് കമ്പോളത്തിന് പുറത്ത് കാഴ്ചക്കാരായി നിൽക്കുന്ന ഭരണകൂടങ്ങളല്ല വേണ്ടത് മറിച്ച് കമ്പോളത്തിൽ ഇടപെടുന്ന ഭരണകൂടം തന്നെയാണ് വേണ്ടത് എന്നാണ്. ജാതിക്കെതിരെയുള്ള ഒരു ജനാധിപത്യ പ്രതികരണം എന്ന നിലയിൽ "സംവരണം" കാലഹരണപ്പെട്ട ഒരാശയവും പ്രയോഗപദ്ധതിയും ആണെന്ന് മുതലാളിത്ത കമ്പോളത്തിൽ എങ്ങനെയാണ് ജാതി പ്രവർത്തിക്കുന്നത് എന്നറിയുന്ന ആരും പറയില്ല. ഇന്ത്യയിലെ പിന്നാക്കജാതികൾ അനുകരണത്തിലൂടെയും (താർദേ, 1903)[19] സംസ്കൃതവൽക്കരണത്തിലൂടെയും (ശ്രീനിവാസ്, 1952)[20] സനാതനവ്യവസ്ഥയ്ക്ക് അകത്തേക്ക് പ്രവേശിക്കുമ്പോൾ അവർക്ക് നഷ്ടപ്പെടുന്നത് ഭരണഘടനാപരമായ സംവരണവും മറ്റിതര സുരക്ഷകളും ആണ്. പകരം അവർക്ക് കിട്ടുന്നത് ക്രീമിലെയർ ചങ്ങലകൾ ആണ്. ആഡം സ്മിത്ത് വിഭാവനംചെയ്ത വിമോചക കമ്പോളവ്യവസ്ഥയിലേക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ആവശ്യമായ ക്രയശേഷിയും സാമൂഹ്യമൂലധനവും ആണ് ഇന്ത്യൻ ഭരണഘടന സംവരണത്തിലൂടെ പിന്നാക്ക ജനതകൾക്ക് നൽകിയത്. എന്നാൽ ഇന്നും തകർക്കാൻ കഴിയാത്ത ഘടനാപരമായ അസമത്വവും, (Structural Inequality of Thomas Sowell) (Doleac, 2020)[21] പിൻവലിച്ചുകൊണ്ടിരിക്കുന്ന ഭരണഘടനാ സംരക്ഷകളും കമ്പോള വ്യവസ്ഥയ്ക്കുള്ളിൽ ജാതി അനുഭവിക്കേണ്ട ദുർഗ്ഗതിയിലേക്കാണ് ഇന്ത്യയിലെ പിന്നാക്ക ജനതകളെ നയിക്കുന്നത്.

## ഗ്രന്ഥസൂചിക.


1. Smith, A. (1981). An Inquiry into the Nature and Causes of the Wealth of Nations. Indianapolis: Liberty Classics.
2. Mandeville, Bernard (1992) "The Fable of Bees". Oxford Press, UK. Liberty Fund, Indianapolis Edition.
3. Harris, Joseph. (1968) "An Essay upon Money and Coins". Hawkins and Middle Temple Gate Publishers. London.
4. എംഗൽസ്, ഫ്രെഡറിക്ക് (2017) "കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉദ്ഭവം". ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
5. Plato (1997). Plato: complete works. J.M. Cooper & Hutchinson ed. Indianapolis, United States: Hackett Publishing.
6. Xenophon (1914). Cyropaedia. Walter Miller ed. s.l.: Loeb Classical Library.
7. Adam Smith. The Wealth of Nations. Edited By A.S. Skinner, R.H. Campbell and W.B. Todd: Oxford: Clarendon Press, 1976. Retrieved from Internet Archive.
8. Marx, Karl. (1887) "Das Capital". Progress Publishers, Moscow, USSR.
9. പാറ്റേഴ്സൻ, ഒർലാണ്ടോ (1940) "Slavery and Social Death". ഹാർവാർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ലണ്ടൻ, ഇംഗ്ലണ്ട്.
10. അംബേദ്കർ, ബി.ആർ. (2019) "കാസ്റ്റസ്സ് ഇൻ ഇന്ത്യ" അംബേദ്കർ സാഹിത്യ സർവ്വസ്വം വോളിയം 1, ഗവർമെന്റ് ഓഫ് മഹാരാഷ്ട്ര.
11. സിദ്ധി നാഥാനന്ദ സ്വാമി (1988) "മനുസ്മൃതി വ്യാഖ്യാനം", പ്രബുദ്ധ കേരളം പ്രസ്സ്, ശ്രീ രാമകൃഷ്ണ മഠം, പുറനാട്ടുകര.
12. Gandhi, M.K. (1936) "Ideal Bhangi", Harijan Magazine.
13. ക്രിസ്റ്റോഫ് ജാഫ്രലോട്ട് (2000) "അംബേദ്കറും അസ്പൃശ്യതയും" ഹഴ്സ്റ്റ് പബ്ലിഷിംഗ് ഹൗസ്, ബ്രിട്ടൻ.
14. R. Ramakumar. (2021). Can Adam Smith challenge Manu? Caste and the free market in India. Accessed from https://themorningcontext.com/chaos/can-adam-smith-challenge-manu-caste-and-the-free-market-in-india. The Morning Context.
15. Schumpeter, J. (2006). History of Economic Analysis. Abingdon on-Thames: Taylor & Francis e-Library.
16. Rashid, S. (1998). The myth of Adam Smith. 1st ed. Cheltenham: Edward Elgar Publishing Limited.
17. Adam Smith. The Wealth of Nations. Edited By A.S. Skinner, R.H. Campbell and W.B. Todd: Oxford: Clarendon Press,1976. Retrieved from Internet Archive.
18. Viner, J. (1991). Essays on the intellectual history of economics. In: D. A. Irwin, ed. Adam Smith. Princeton, NJ: Princeton University Press, pg. 248-261.
19. താർദേ, ഗബ്രിയേൽ (1903) "The Laws of Imitation". ഹെൻറി ഹോൾട്ട് ആൻഡ് കമ്പനി, USA. Accessed from Internet Archive.
20. ശ്രീനിവാസ്, എം എൻ (1952) "Religion and Society among the Coorgs of South India". ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, യു കെ
21. Jennifer L. Doleac (2020) A Review of Thomas Sowell's Discrimination and Disparities. Department of Economics, Texas A&M University, jdoleac@tamu.edu.